# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊറ്റനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ. പി7/224/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 27/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ. പി7/224/23 തീയ്യതി: 27/03/2023

## പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഹരികുമാർ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി.നായർ, ഓഡിറ്റർ
ശ്രീമതി ആശ എം.കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. മനോജ് ചരളേൽ | പ്രസിഡന്റ് | 01-04-2021 | 12-11-2021 |
| ശ്രീമതി തങ്കമ്മ ജോർജ്ജ് | പ്രസിഡന്റ് | 13-11-2021 | 08-12-2021 |
| ശ്രീ പ്രകാശ് പി സാം | പ്രസിഡന്റ് | 09-12-2021 | 31-03-2022 |
| ശ്രീമതി റീന ജോൺ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി റോഷി സിസിലിയ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 07-07-2021 |
| ശ്രീ രാധാകൃഷ്ണൻ നായർ സി കെ | സെക്രട്ടറി | 08-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോഷി സിസിലിയ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 03-01-2022 |
| ശ്രീമതി റംലാ ബീവി എ | അസിസ്റ്റന്റ് സെക്രട്ടറി | 04-01-2022 | 31-03-2022 |
| ശ്രീമതി ദീപ എം ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 25-08-2021 |
| ശ്രീ വിപിൻനാഥ് എസ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 26-08-2021 | 31-03-2022 |
| ശ്രീ ജിജേഷ് വി സി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി സുചിത്ര എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ സുരേഷ് കുമാർ വി ആർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രസന്ന പി എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ജേക്കബ് ജോൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. അഗസ്റ്റിൻ ഫിഡാലിസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ സജീവ് എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ ജോർജ് എൻ എസ് | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 21-07-2021 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 22-07-2021 | 11-08-2021 |
| ശ്രീ ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 12-08-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഓൺലൈൻ വസ്തുനികുതി - തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു | 1-11 |
| 12 | വാടക പിരിവ് - അപാകതകൾ | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 14 | ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല | 1-14 |
| 15 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 53.75 ലക്ഷം | 1-15 |
| 16 | ക്ഷേമപെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷം പെൻഷൻ റദ്ദ് ചെയ്തില്ല | 1-16 |
| 17 | ഗ്രാമപഞ്ചായത്തിലെ അതിദരിദ്രർക്ക് ക്ഷേമപ്പെൻഷൻ നൽകുന്നില്ല | 1-17 |
| 18 | ഭവനനിർമ്മാണം പൂ**ർ**ത്തീകരിച്ചിട്ടില്ല | 1-18 |
| 19 | നിക്ഷേപ പ്രവൃത്തികൾ- തിരികെ ലഭിച്ച തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-19 |
| 20 | നിക്ഷേപ പ്രവൃത്തികൾ- വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപമായി തുടരുന്നു | 1-20 |
| 21 | 12-ാം വാർഡിൽ മിനി കുടിവെള്ള പദ്ധതി- ആവശ്യത്തിന് ഫണ്ട് നിക്ഷേപിക്കാത്തതിനാൽ നിർമ്മാണം ആരംഭിച്ചില്ല | 1-21 |
| 22 | തരിശ് ഭൂമിയിലെ കൃഷി- ആനുകൂല്യം അനുവദിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ | 1-22 |
| 23 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-23 |
| 24 | മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല | 1-24 |
| 25 | ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം - നിർമ്മാണ കാലയളവ് ദീർഘിപ്പിക്കൽ- വ്യവസ്ഥകൾ പാലിച്ചില്ല | 1-25 |

| | | |
|---|---|---|
| 26 | ടേക്ക് -എ- ബ്രേക്ക് - പൊതുശൗചാലയം പ്രയോജനപ്രദമാകുന്നില്ല | 1-26 |
| 27 | കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-27 |
| 28 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി | 1-28 |
| 29 | അനുപൂരക പോഷകാഹാര വിതരണം - വിതരണവിവരം കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല | 1-29 |
| 30 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-30 |
| 31 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-31 |
| 32 | അഗതിരഹിത കേരളം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-32 |
| 33 | പൊതു മരാമത്ത് പ്രവൃത്തികൾ: മോണിട്ടറിംഗ് ഫലപ്രദമല്ല | 1-33 |
| 34 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-34 |
| 35 | പഞ്ചായത്ത് വക ലൈബ്രറിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22-02-2021-ലെ 3(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 53,06,668രൂപ മുന്നിരിപ്പും, 12,20,28,500രൂപ വരവും, 12,15,80,000രൂപ ചെലവും, 57,55,168രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്.

14-02-2022ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരം 53,06,668രൂപ മുന്നിരിപ്പും, 1,22,44,27,060 രൂപ വരവും, 12,82,72,993രൂപ ചെലവും, 14,60,735രൂപ നീക്കിയിരിപ്പുമുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30-04-2022-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിനായി 05-05-2022-ൽ എയിംസിലൂടെ സമർപ്പിച്ചിരുന്ന കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന 2021-22-ലെ സംക്ഷിപ്ത ധനകാര്യ റിസൽറ്റുകൾ ചുവടെ ചേർക്കുന്നു.

1. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് (കാഷ്+ബാങ്ക്) | 70,00,313 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,06,63,781 |
| ആകെ വരവ് | 5,76,64,094 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,87,89,817 |
| നീക്കിയിരിപ്പ് (കാഷ്+ബാങ്ക്) | 88,74,277 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ വരവ് | 9,45,46,303 |
| ആകെ ചെലവ് | 8,70,79,278 |
| പ്രവർത്തന ലാഭം | 74,67,025 |

3. 31-03-2022 പ്രകാരമുള്ള ബാലൻസ് ഷീറ്റ്

| | |
|---|---|
| ആകെ ആസ്തിമൂല്യം | 7,00,96,805 |
| ആകെ ബാധ്യത(ജനറൽ ഫണ്ട് ഒഴികെ) | 98,63,992 |
| ജനറൽ ഫണ്ട് | 6,02,32,813 |

മേൽ വിവരിച്ച ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി-9: Other Liabilities- Pension Contribution Payble- 77,807 രൂപ ബാധ്യതതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പിന്നീട് ഒടുക്കിയത് 39,400 രൂപയാണ് (04/2022 ൽ ). ബാലൻസ് തുകയുടെ കൃത്യമായ വിവരമില്ല.

2. ഷെഡ്യൂൾ ബി-9: ഷെഡ്യൂൾ ബി-9: Other Liabilities-Motor Conveyance Advance- ബാധ്യത തുക (₹ 500) സംബന്ധിച്ച് കൃത്യമായ വിവരമില്ല. തുക ക്രമീകരിക്കേണ്ടതാണ്.

3. ഷെഡ്യൂൾ ബി-9: ഷെഡ്യൂൾ ബി-9: -Other Recoveries From Employees- ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹ 15802) ഒടുക്കിയ തുകയും (₹ 15,676) തമ്മിൽ വ്യത്യാസമുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

4. ഷെഡ്യൂൾ ബി-9: Other Liabilities- Liability In Respect Of Stale Cheque- അക്കൗണ്ട് ചെയ്തിരിക്കുന്ന (₹ 742) തുക ക്രമീകരിക്കേണ്ടതാണ്.

5. ഷെഡ്യൂൾ I-6 & I-14(a): MG-NREGA- തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6. ഷെഡ്യൂൾ ബി-9: NREGA- നീക്കിയിരിപ്പ് തുക (₹457) ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി (₹ 1628) വ്യത്യസമുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് വാർഷിക ധനകാര്യ പത്രിക കുറ്റമറ്റതാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7000313 |
| വരവ് | 50663781 |
| ആകെ | 57664094 |
| ചെലവ് | 48789817 |
| നീക്കിയിരിപ്പ് | 8874277 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 8474953 | 8474953 | 8472000 | 2953 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 3948154 | 3948154 | 3581596 | 366558 |
| വികസന ഫണ്ട്- ടി.എസ്.പി | ,, | 8500 | 8500 | -- | 8500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | ,, | 5064840 | 5064840 | 2203373 | 2861467 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ് ) | ,, | 2181271 | 2181271 | 1591214 | 590057 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 11167117 | 11167117 | 8643225 | 2523892 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 5023241 | 5023241 | 2172612 | 2850629 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 218830 | 9725 | 228555 | -- | 228555 |
| ശുചിത്വ മിഷൻ | 1146086 | 130000 | 1276086 | 450000 | 826086 |
| കേരളോത്സവം | 17292 | -- | 17292 | -- | 17292 |
| ലൈഫ് മിഷൻ- സ്റ്റേറ്റ് വിഹിതം | 499346 | 1140654 | 1640000 | 1620649 | 19351 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 1062002 | 455157 | 1517159 | 688357 | 828802 |
| എം.ജി.എൻ. ആർ.ജി.എസ് | 2248 | 11962212 | 11964460 | 11962832 | 1628 |
| സമ്പൂർണ്ണ ശുചിത്വം | 426500 | -- | 426500 | 300000 | 126500 |
| മറ്റ് ഗ്രാന്റുകൾ /അവാർഡുകൾ | | | | | |
| കില പരിശീലനം | -- | 12303 | 12303 | 8043 | 4260 |

* ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ-ടൈഡ്)- ഈ-ഗ്രാം സ്വരാജ് വഴി ലഭിച്ച തുക ലാപ്സാകുന്നില്ല. 17,81,797രൂപ 2022-23 വർഷത്തേക്ക് ക്യാരി ഓവർ ചെയ്ത് കിട്ടിയിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ് ) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 454667 |
| ,, | അങ്കണവാടി അധിക വേതനം | 832200 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 176000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 170 | 5,63,08,472 | 128 | 3,70,92,928 | 42 | 65.87 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1358879 | 1008100 |
| വെറ്ററിനറി സർജൻ | 8 | 8 | 1459400 | 1117146 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 6 | 1616451 | 1545795 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 2 | 430000 | 330000 |
| ഹെഡ്മാസ്റ്റർ | 3 | 3 | 380000 | 380000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 13 | 10 | 11163238 | 8477325 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2273530 | 1625373 |
| സെക്രട്ടറി | 44 | 28 | 15093886 | 8529396 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 2286840 | 1980453 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 40 | 17281088 | 10772999 |
| ഡയറിഫാം ഇൻസ്പക്ടർ | 2 | 2 | 1921160 | 1171920 |
| ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1044000 | 154421 |
| ആകെ | 170 | 128 | 56308472 | 37092928 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | - | 10996794 | 10996794 | 10996794 | - |
| ഭരണച്ചെലവുകൾ | 2248 | 965418 | 967666 | 966038 | 1628 |
| ആകെ | 2248 | 11962212 | 11964460 | 11962832 | 1628 |

ഭരണച്ചെലവുകളിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് മുൻകൂറായി ലഭിച്ച 6,84,361 രൂപയും മുൻകൂർ തിരികെ നൽകിയ 2,43,100 രൂപയും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1225800 | 85 |
| വിധവാപെൻഷൻ | 7543900 | 502 |
| വാർദ്ധക്യകാലപെൻഷൻ | 24614500 | 1707 |
| വികലാംഗപെൻഷൻ | 2341500 | 151 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 366300 | 25 |
| തൊഴിൽരഹിതവേതനം | 600 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2023 തീയതിയിൽ 2.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 13136/- രൂപയുടെ (പതിമൂവായിരത്തി ഒരുനൂറ്റി മുപ്പത്തിയാറ് ) കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ഐ.എൽ.ജി.എം.എസ് നിലവിൽ വന്നതിന് ശേഷം ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ തീർപ്പാകുന്നത് വരെ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നുണ്ട്. 01-04-2022 മുതൽ ഓഡിറ്റ് കാലയളവു വരെ ലഭിച്ച 5730 അപേക്ഷകളിൽ 5067 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

ഓഫീസ് ഓർഡർ മുഖേന ഓഫീസ് ചുമതലകൾ ജീവനക്കാർക്ക് വിഭജിച്ച് നിൽകിയിട്ടുണ്ട്. വസ്തുനികുതി 80% അധികം പിരിച്ചെടുത്തിട്ടുണ്ട്. പ്രവർത്തന ക്ഷമമല്ലാത്ത 46 പൊതു ടാപ്പുകൾ ഒഴിവാക്കി പ്രതിമാസ വെള്ളക്കരം ഇനത്തിൽ 21,133 രൂപയുടെ നേട്ടം ഉണ്ടാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെചേർക്കുന്നു.

1. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അറ്റകുറ്റപ്പണി നടത്തി മാറ്റിയിടുന്ന വിളക്കുകൾ വാറന്റി കാലാവധിക്കുള്ളിൽ കേടാകുന്നുണ്ടോയെന്നും അവ സൗജന്യമായി മാറ്റി സ്ഥാപിച്ച് കിട്ടുന്നുണ്ടോയെന്നും നിരീക്ഷിക്കുന്നതിന് കഴിയുന്നില്ല.
2. സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടശേഷവും പ്രതിമാസ പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നുണ്ട്. ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പെൻഷൻ ഒഴിവാക്കേണ്ടതാണ്.

3. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും വിവിധ ഏജൻസികളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.
5.പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ പല വാങ്ങലുകളും കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാതെ നടത്തിവരുന്നതായി കാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2018-10.07.2018 | 2013-14--2017-18 | 06.09.2018 |
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021-01.09.2021 | 11/2019-03/2021 | 15.11.2021 |

## 1-11 ഓൺലൈൻ വസ്തുനികുതി - തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വൃന്ദാവനം ശാഖയിൽ 37258528885 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതി സോഫ്റ്റ്‌വെയർ ആയ 'സഞ്ചയ ഓൺലൈനിൽ' അപ്ഡേറ്റാകുകയും വസ്തു നികുതി ഒടുക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സഞ്ചയയിൽ തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 05.05.2021 | 7206 | 10.05.2021 |
| 10.06.2021 | 7538 | 18.06.2021 |
| 06.09.2021 | 3228 | 13.09.2021 |
| 09.12.2021 | 6797 | 15.12.2021 |
| 31.12.2021 | 7213 | 07.01.2022 |
| 22.01.2022 | 2848 | 09.02.2022 |
| 03.02.2022 | 3118 | 10.02.2022 |
| 29.07.2022 | 6673 | 05.08.2022 |

ഓൺലൈൻ ഇടപാടുകൾ മിനിറ്റുകൾക്കുള്ളിൽ സാദ്ധ്യമാകുന്ന കാലത്ത് ഇത്രയും കാലതാമസം ഉണ്ടാകുന്നത് ഭരണതലത്തിൽ പരിശോധനാ വിധേയമാക്കേണ്ടതാണ്. ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ ഇ-പേമെന്റ് വഴിയുള്ള വരവ് കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. നിലവിൽ ജനന-മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആക്കിയിട്ടുള്ളതിനാൽ അവയുടെ ഫീസും ഈ ഇ-പേയ്മെന്റ് അക്കൗണ്ടിലാണ് ലഭിക്കുന്നത്.

## 1-12 വാടക പിരിവ് - അപാകതകൾ

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി ഗ്രാമപഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ ഒപ്പു മാത്രമുള്ള മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രിന്റ് ചെയ്ത കരാറുകളിൽ വാടകക്കാരന്റെ പേരുവിവരങ്ങൾ ചേർത്ത്, സാക്ഷികൾ ഒപ്പ് വച്ച് പൂർണ്ണമാക്കിയിട്ടില്ല. പഞ്ചായത്തുകളിൽ കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വയ്പ്പിക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണെന്ന് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06- നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറിയും ഒപ്പ് വച്ച ശേഷം ഇവ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാർ, മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും

ആനുപാതികമായി ഈടാക്കുന്നതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011 /തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകളാണുള്ളത്. ഇവയിൽ 5 ടവറുകളുടെ 2022 രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തുനികുതി അടവാക്കിയിട്ടുണ്ട്. വസ്തുനികുതി അടവാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി തുക(രൂ) | നികുതി ഈടാക്കാത്തതിന്റെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 9/395 | 23.45 | 9380 | 2017 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |
| 2 | ബി.എസ്.എൻ.എൽ | 13/144/A | 39.89 | 15956 | 2015 രണ്ടാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികസഹിതം പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/21-22 തീയതി: 09.03.2022), വസ്തുനികുതി ഈടാക്കുന്നതിനായി റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുകയോ ആയത് പ്രായോഗികമല്ല എങ്കിൽ പ്രോസിക്യൂഷൻ നടപടികൾ പൂർത്തിയാക്കുകയോ ചെയ്യുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 221 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

2021-22 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.തൻവർഷം ലൈസൻസ് എടുത്ത 221 സ്ഥാപനങ്ങളിൽ 69 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.2021-22 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിനെ തുടർന്ന് ലൈസൻസ് സംബന്ധിച്ച് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയിൽ സംരംഭകർ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത്

ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

3.കേരളാ പഞ്ചായത്ത്‌രാജ് ആക്ടിന്റെ വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ട്രേഡ് ലൈസൻസ് ആവശ്യമുള്ളതുമായ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 അക്ഷയകേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/06.03.2023) മറുപടിയായി തൊഴിൽനികുതി ,ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിന് ടി സ്ഥാപനത്തിന് അറിയിപ്പ് നൽകിയിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് . തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 53.75 ലക്ഷം

2021-22 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിലുണ്ടായ കുറവ് കാരണം ഗ്രാമപഞ്ചായത്തിന് 53,74521 രൂപ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 1,11,67,117 | 86,43,225 | 25,23,892 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 50,23,241 | 21,72,612 | 28,50,629 |
| ആകെ | 1,61,90,358 | 1,08,15,837 | 53,74,521 |

2021-22 വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിതര വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കാതെ ഫണ്ട് ലാപ്സായ ഏതാനും പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്/ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|
| 1 | അങ്കണവാടി വയറിംഗ് (എസ്. 0120/22) | സെക്രട്ടറി | 200000 |
| 2 | പി.എച്ച്.സി. ചുറ്റുമതിൽ നിർമ്മാണം (എസ്. 0123/22) | അസി.എഞ്ചിനീയർ | 300000 |
| 3 | മൃഗാശുപത്രിക്ക് ട്രീറ്റ്മെന്റ് റൂം നിർമ്മാണം (എസ്. 0125/22) | ,, | 200000 |
| 4 | അങ്കണവാടി നം.103 മെയിന്റനൻസ് (എസ്. 0202/22) | ,, | 300000 |
| 5 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് (എസ്. 0150/22) | ,, | 53374 |
| 6 | അത്യാൽ ഫാമിലി വെൽഫയർ സെന്റർ മെയിന്റനൻസ് (എസ്. 0104/22) | ,, | 100000 |
| 7 | ഗവആയുർവേദ ഡിസ്പൻസറിക്ക് പുതിയ കമ്പ്യൂട്ടറും അനുബന്ധഉപകരണവും വാങ്ങൽ (എസ്. 0214/22) | മെഡിക്കൽ ഓഫീസർ-ആയുർവേദം | 100000 |
| 8 | കൃഷിഭവന് പുതിയ കമ്പ്യൂട്ടറും അനുബന്ധഉപകരണവും വാങ്ങൽ (എസ്. 0215/22) | കൃഷി ഓഫീസർ | 135319 |

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താത്തത് മൂലം 53.75 ലക്ഷം രൂപ നഷ്ടപ്പെട്ടു എന്നമാത്രമല്ല 2022-23 വർഷം അനുവദിച്ച തുകയിൽ നിന്നും സ്പിൽ ഓവർ പദ്ധതികൾക്കായി ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടതായും വന്നു. ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കി ഫണ്ടുകൾ നഷ്ടപ്പെടുത്താതെ വിനിയോഗിക്കുന്നതിന് ഭരണതലത്തിൽ സവിശേഷ ശ്രദ്ധകൊടുക്കേണ്ടതാണ്.

## 1-16 ക്ഷേമപെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷം പെൻഷൻ റദ്ദ് ചെയ്യില്ല

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ മരണപ്പെട്ടയാളിന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്(സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). എന്നാൽ പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനുശേഷവും സർക്കാർ നിഷ്കർഷിച്ചിരുന്ന പ്രകാരം ഇവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ വീഴ്ചയുണ്ടായി. ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ അതീവ ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും മരണമടഞ്ഞ 2 പേരെ അതത് മാസം സസ്പെന്റ് ചെയ്യാഞ്ഞതുമൂലം മരണശേഷവും ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| | | | | കാലയളവ് | തുക | |
| തോമസ് പി റ്റി | 103740201254 | വാർദ്ധക്യകാല | 31/07/21 | 8/21-11/22 | 25600 | 57043297443 (SBIN0070386) |
| ശ്രീധരൻ പിള്ള | 103740200982 | വാർദ്ധക്യകാല | 01/12/20 | 1/21 11/22 | 44000 | 67205634642 (SBIN0070386) |

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്(നം.67/2020/ധന, തീയതി: 05.11.2020). പെൻഷണർ മരണപ്പെട്ട ശേഷം അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അനർഹമായി കൈപ്പറ്റിയ തുക അനന്തരാവകാശികളിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 19/21-22 തീയതി: 19.03.2023) ലഭ്യമാക്കിയ മറുപടിയിൽ, ഇവരെ സസ്പെന്റ് ചെയ്യുന്നതും മരണശേഷം അനർഹമായി കൈപ്പറ്റിയ തുക അനന്തരാവകാശികളിൽനിന്നും തിരിച്ചുപിടിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്തക്കളുടെ മരണശേഷം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയ തുക അനന്തരാവകാശികളിൽനിന്നും പൂർണ്ണമായും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്തിലെ അതിദരിദ്രർക്ക് ക്ഷേമപ്പെൻഷൻ നൽകുന്നില്ല

ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരെ കണ്ടെത്തുന്ന സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റും പെൻഷൻ വിതരണ രേഖകളും പരിശോധിച്ചതിൽ, ഈ ലിസ്റ്റിലുള്ള പലർക്കും അർഹമായ ക്ഷേമപെൻഷൻ നൽകുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | വയസ് | വാർഡ് |
|---|---|---|---|
| 1 | തോമസ് വർഗ്ഗീസ്<br>പുത്തൻപറമ്പിൽ | 60 | 6 |

| | | | |
|---|---|---|---|
| | കളമ്പാല | | |
| 2 | രാജശേഖരൻ നായർ<br>വൃന്ദാവനം<br>കൊറ്റനാട് | 64 | 7 |
| 3 | പി.വി. വർഗ്ഗീസ്<br>പുല്ലാന്നിയിൽ<br>തീയാടിക്കൽ | 70 | 10 |
| 5 | മത്തായി തേവരുപറമ്പിൽ<br>മഠത്തുംചാൽ | 60 | 5 |

അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്).നം.252/2017 തസ്വഭവ തീയതി 12.12.2017] ഖണ്ഡിക നം.4.1.4-ൽ ക്ഷേമപെൻഷൻ സംബന്ധിച്ച് ചുവടെ പറയും പ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റ് പെൻഷനുകളും അനുവദിക്കുന്നതിന് ഉയർന്ന മുൻഗണന നൽകണം.
2. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കണം.
3. പദ്ധതി കുടുംബങ്ങളിലെ അർഹരായവർക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് ഏതെങ്കിലും ഒരു ക്ഷേമപ്പെൻഷൻ ലഭിക്കുന്നുവെന്ന് സി.ഡി.എസ്. ഉറപ്പാക്കണം.
4. മെഡിക്കൽ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ തയ്യാറാക്കുന്നതിനും യാത്രാ ചെലവുകൾക്കും ആവശ്യമായ തുക, പദ്ധതിയുടെ റിസർവ് ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്.

സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടും ഗ്രാമപഞ്ചാത്തിലെ അതിദരിദ്രർക്ക് അർഹമായ ക്ഷേമപെൻഷൻ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 20/21-22 തീയതി: 20.03.2023) നൽകിയ മറുപടിയിൽ, മേൽ പരാമർശിച്ചിട്ടുള്ള വ്യക്തികൾക്ക് പെൻഷൻ ആനുകൂല്യം നൽകുവാൻ ആവശ്യമായ രേഖകളായ റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ലായെന്നും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.
ഈ വിഷയം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗ്രാമപഞ്ചാത്തിലെ അതിദരിദ്രർക്ക് എല്ലാം തന്നെ സാമൂഹിക സുരക്ഷാ പെൻഷൻ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കണം.

## 1-18 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ (പ്രോജക്ട് നം. 158/22, 74/22) പ്രകാരം ഭവന നിർമ്മാണത്തിനായി ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയതും ഭവനനിർമ്മാണം പൂർത്തീകരിച്ച് ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപഭോക്താവിന്റെ പേര് | വാർഡ് നം. | കൈപ്പറ്റിയ തുക |
|---|---|---|---|
| | പ്രോജക്ട് നം . 158/22 | | |
| 1 | സുരേഷ് കുമാർ സി ബി | 9 | 300000 |
| 2 | രഞ്ജിത്ത് കുമാർ | 6 | 140000 |
| | പ്രോജക്ട് നം 74/22 | | |
| 3 | ഗോപി സി ജി | 8 | 300000 |
| 4 | ശ്യാമള മോഹനൻ | 8 | 300000 |
| 5 | വിനീത് വി പി | 2 | 160000 |
| 6 | ഹരുൺ | 13 | 40000 |

ഇവർ നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 04/04.03.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം.

6 ലെ ഗുണഭോക്താവ് അഡ്വാൻസ് കൈപ്പറ്റിയതിനുശേഷം തുടർപണികൾ ചെയ്തിട്ടില്ലാത്തതിനാൽ രണ്ടുതവണ നോട്ടീസ് നൽകിയതായും മറ്റുള്ളവർ നിലവിൽ ഭവനനിർമ്മാണം നടത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-19 നിക്ഷേപ പ്രവൃത്തികൾ- തിരികെ ലഭിച്ച തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം, നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഒടുക്കിയതിൽ, പ്രവൃത്തി പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസികളിൽ നിന്നും തിരികെ ലഭിച്ച 5,79,689 രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | വർഷം | തിരികെ ലഭിച്ച തുക |
|---|---|---|---|
| 1 | കരിശിമുട്ടം കോളനി- മിനി കുടിവെള്ള വിതരണ പദ്ധതി (എസ്.0116/13) | 2012-13 | 43420 |
| 2 | 109,104,111,116,114,108 അങ്കണവാടികളിൽ പൈപ്പ്കണക്ഷൻ (S0161/20) | 2019-20 | 91983 |
| 3 | അംബേദ്കർ കരിശ്ശുമുട്ടം കോളനി പൈപ്പ് ലൈൻ നീട്ടൽ (എസ്.0038/19) | 2018-19 | 9102 |
| 4 | കുഴൽക്കിണർ നിർമ്മാണം - അംഗൻവാടി നമ്പർ 116,104,109,111,114 (എസ്.0110/19) | 2018-19 | 162485 |
| 5 | പാലോലി കുടിവെള്ള പദ്ധതി (എസ്.0097/15) | 2014-15 | 255829 |
| 6 | പനക്കപതാൽ കോളനി കുടിവെള്ള പദ്ധതി- കുഴൽ കിണർ (എസ്.0099/15) | 2014-15 | 16870 |
| 7 | വെള്ളയിൽ കോളനി കുടിവെള്ള പദ്ധതി- കുഴൽ കിണർ (എസ്.0100/15) | 2014-15 | |
| | ആകെ | | 579689 |

തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21-22തീയതി: 08-03-3023) ലഭ്യമാക്കിയ മറുപടിയിൽ, വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും തിരികെ ലഭിച്ച തുക 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-20 നിക്ഷേപ പ്രവൃത്തികൾ- വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപമായി തുടരുന്നു

2017-18 മുതൽ 2021-22 വരെ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ₹ 6,72,476 തിരികെ ലഭിക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | വർഷം | ഏജൻസി | തുക (₹) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് (₹) | തിരികെ ലഭിക്കാനുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | വട്ടക്കുന്ന് കോളനി കുടിവെള്ള പദ്ധതി | 2017-18 | ഭൂജലവകുപ്പ് | 444000 | 38700 | 405300 |
| 2 | അരണത്തടം പൈപ്പ് ലൈൻ | ,, | ,, | 338000 | 316750 | 21250 |

| | | | | | | |
|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ | | | | | |
| 3 | കുഴൽക്കിണർ നിർമ്മാണം - വാർഡ് 8,9,10,12 | „ | „ | 209147 | ലഭിച്ചില്ല | -- |
| 4 | 1,2,4,5,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S077/20) | 2019-20 | കെ.എസ്.ഇ.ബി. | 324500 | „ | |
| 5 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0160/20) | „ | „ | 432988 | „ | -- |
| 6 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0196/20) | „ | „ | 248508 | „ | -- |
| 7 | 6,7,8,9,11 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0190/21) | 2020-21 | കെ.എസ്.ഇ.ബി | 656080 | „ | -- |
| 8 | ജലജീവൻ മിഷൻ പൈപ്പ് ലൈൻ കണക്ഷൻ (S0215/21) | „ | വാട്ടർ അതോറിറ്റി | 719000 | „ | -- |
| 9 | 10-ാം വാർഡിൽ കുഴൽ കിണർ നിർമ്മാണം (S0177/22) | 2021-22 | ഭൂജല വകുപ്പ് | 67194 | 51405 | 15789 |
| 10 | 13-ാം വാർഡിൽ മിനി കുടിവെള്ള പദ്ധതി (S0178/22) | „ | „ | 128722 | 74356 | 54366 |
| 11 | മിനി കുടിവെള്ള പദ്ധതി - വാർഡ്-12 (S0176/22) | „ | „ | 307840 | പ്രവൃത്തി ആരംഭിച്ചില്ല | -- |
| 12 | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (S0187/22) | „ | „ | 1102320 | 926549 | 175771 |

നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ലഭിക്കാനുള്ള തുക തിരികെ ഈടാക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 12-ാം വാർഡിൽ മിനി കുടിവെള്ള പദ്ധതി- ആവശ്യത്തിന് ഫണ്ട് നിക്ഷേപിക്കാത്തതിനാൽ നിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 12-ാം വാർഡിൽ മിനി കുടിവെള്ള പദ്ധതിക്ക് (കുഴൽ കിണർ നിർമ്മാണം) 5,46,000 രൂപ ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റ് വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും 3.07,840 രൂപ ഭൂജല വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തു. (വൗച്ചർ നം. 22101234/26-03-22).

26-03-2022-ലെ ജി.ഡബ്ല്യു.ഡി/1160/2021/പി.റ്റി.എ. കത്ത് പ്രകാരം 3,90,000 രൂപയുടെ എസ്റ്റിമേറ്റാണ് ഭൂജലവകുപ്പ് പഞ്ചായത്തിന് നൽകിയിട്ടുള്ളത്. മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ രേഖകൾ ലഭ്യമാക്കുവാൻ 24-01-2023-ൽ ഗ്രാമപഞ്ചായത്ത് ഭൂജലവകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. ആയതിന് 02-03-2023-ൽ ഭൂജലവകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, 3,90,000 രൂപയുടെ എസ്റ്റിമേറ്റിൽ ഗ്രാമപഞ്ചായത്ത് 2,44,778 രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളതെന്നും ബാക്കിതുക ഒടുക്കാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. ബാക്കി തുക ഒടുക്കി നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/21-22 തീയതി: 08-03-2023) ലഭ്യമാക്കിയ മറുപടിയിൽ, 2023-24 വർഷം ബാലൻസ് തുക ഒടുക്കി പദ്ധതി പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ആവശ്യമായ തുക ഒടുക്കി കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഒടുക്കിയതിലുള്ള അവ്യക്തത ജലഅതോറിറ്റിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുമാണ്.

## 1-22 തരിശ് ഭൂമിയിലെ കൃഷി- ആനുകൂല്യം അനുവദിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം തരിശ്ഭൂമി കൃഷി സഹായത്തിനായി 3 പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. S0199/22 - സുഭിക്ഷ കേരളം (തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി )
2. S0023/23- സുഭിക്ഷ കേരളം (തരിശ് ഭൂമിയിൽ വാഴകൃഷി )
3. S0024/24 -സുഭിക്ഷ കേരളം (തരിശ് ഭൂമിയിൽ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി)

ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

തരിശ് ഭൂമിയിലെ കൃഷിയ്ക്ക് ആനുകൂല്യം നൽകിയത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഡിഎ) 29.05.2020-ലെ സ.ഉ. നം. 1009/2020-ാം നമ്പർ 'സുഭിക്ഷ കേരളം' സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ല. മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത തരിശ് ഭൂമിയിലെ ആദ്യ കൃഷിയ്ക്കാണ് ആനുകൂല്യം നൽകുന്നതെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. കൃഷിയ്ക്കുള്ള ആനുകൂല്യം 2 ഗഡുക്കളായി നൽകേണ്ടതിനു പകരം ഒരൊറ്റ ഗഡുവായാണ് നൽകിയിരിക്കുന്നത്. തരിശ് ഭൂമി കൃഷിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചിരുന്ന അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനും (നം. 22/21-22 തീയതി: 09.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനും ആനുകൂല്യം കൈപ്പറ്റിയവർ കൃത്യമായി പ്രവൃത്തികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് ഓരോ ഘട്ടത്തിലും പരിശോധിച്ച് ഉറപ്പാക്കേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ കൃഷി ഓഫീസർക്കുണ്ട്. ഉല്പാദന മേഖലയിലെ പദ്ധതികൾ കാർഷിക വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തിട്ടില്ല. തുടർ വർഷങ്ങളിൽ ഓരോ പദ്ധതിയും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും റിപ്പോർട്ട് ഫയലിനൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

## 1-23 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

കാർഷിക ജലസേചനം - പമ്പ് സെറ്റ് എന്ന പ്രോജക്ട് പ്രകാരം 10 പേർക്ക് ജലസേചന പമ്പ് സെറ്റ് വാങ്ങുന്നതിന് സബ്സിഡിയായി 5000 രൂപ വീതം ആകെ 50000 രൂപ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | S0086/22- കാർഷിക ജലസേചനം - പമ്പ് സെറ്റ് |
| ഫണ്ടിനം | വികസനഫണ്ട് (ജനറൽ-പൊതുവിഭാഗം) |
| വകയിരുത്തിയ തുക | ₹ 1,00,000 |
| ചെലവ് തുക | ₹ 50000<br>1) 8101136852 തീയതി 16/02/2022 ₹ 5000<br>2) 8101245111തീയതി 04/03/2022 ₹ 10,000 |

| | |
|---|---|
| | 3) 8101089520 തീയതി 09/02/2022 ₹ 20,000<br>4) 8100720421 തീയതി 29/11/2021 ₹ 10,000<br>5) 8101254734 തീയതി 05/03/2022 ₹ 5000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ 3 പേർ മാത്രമാണ് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉള്ളത്. ആനുകൂല്യം ലഭിച്ച ബാക്കി 7പേരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നന്ദകുമാർ
2. മുഹമ്മദ് ബഷീർ
3. അനിൽകുമാർ പി.ജി.
4. ജിൻരാജ് എൻ.
5. സോമൻ നായർ
6. ഷാജഹാൻ എം. ഇ.
7. മറിയാമ്മ തോമസ്

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം. 22/21-22 തീയതി: 09.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബഹു. കേരള ഹൈക്കോടതിയുടെ 1997 ഏപ്രിൽ 4-ാം തീയതിയിലെ വിധിയിൽ (കേസ് നം, ഒ.പി. നം. 18175/1996) വ്യക്തമാക്കുന്നതുപോലെ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് നിയമപരമായ ഒരാവശ്യം കൂടിയാണ്. ഇതിൽ ഉണ്ടാകുന്ന വിവേചനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെയും ഭരണഘടന 14-ാം അനുച്ഛേദത്തിന്റെയും ലംഘനം ആയിരിക്കുമെന്നും ഈ വിധിയിൽ വ്യക്തമായിട്ടുണ്ട്. അതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3എ(ബി) യുടെയും മേൽ പ്രസ്താവിച്ച ഹൈക്കോടതി വിധിയുടെയും ലംഘനമാണ്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് അടുത്ത ഗ്രാമസഭയിൽവച്ച് സാധൂകരണം വാങ്ങിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖാമൂലം ഹാജരാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (എ,ബി) വകുപ്പിന്റെ 8.12.2014-ലെ സർക്കുലർ (നം. 4212/എബി1/14/തസ്വഭവ) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി (ഗ്രാമസഭ കൂടാതെ) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കും, ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം ചെലവ് തുക മേൽ പറഞ്ഞ ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-24 മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികളിലായി 8,00,000 രൂപ മരുന്നുവാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. & പേര് | പ്രഫോമ ഇൻവോയിസ് | പ്രഫോമ ഇൻവോയിസ് പ്രകാരമുള്ള തുക | ലഭ്യമായ മരുന്ന് | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന്/ ഉപകരണങ്ങൾ |
|---|---|---|---|---|
| S0014/22-പിഎച്ച്സി-യ്ക്ക് മരുന്ന് വാങ്ങൽ | PRF668 14.06.2021 | ₹ 4,00,000 | ₹ 2,33,011 | ₹ 1,66,989 |
| S0130/22കോവിഡ് പ്രതിരോധ പ്രവർത്തനം-പിഎച്ച്സി-ലേയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | PRF1967 07.09.2021 | ₹ 1,00,000 | ₹ 59,889 | ₹ 40,111 |
| | PRF229 15.05.2021 | ₹ 1,00,000 | ₹ 88,334 | ₹ 11,666 |
| S00013/22- പെയിൻ & പീലിയേറ്റീവ് കെയർ | PRF518 07.06.2021 | ₹ 2,00,000 | ₹ 1,84,064 | ₹ 15,936 |

| | | | | |
|---|---|---|---|---|
| പദ്ധതി | | | | |
| ആകെ | | ₹ 8,00,000 | ₹ 5,65,298 | ₹ 2,34,702 |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന മരുന്ന്/ഉപകരണങ്ങൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/21-22 തീയതി: 04.03.2023)നൽകിയ മറുപടിയിൽ മരുന്ന്/ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

അശരണരും ശയ്യാവലംബരുമായ രോഗികൾക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും മരുന്നു ലഭ്യമായ ശേഷം സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം - നിർമ്മാണ കാലയളവ് ദീർഘിപ്പിക്കൽ- വ്യവസ്ഥകൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രോജക്റ്റ് ശ്രീ. വി.ജെ. ജോൺസൺ എന്ന കരാറുകാരനാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ശ്രീ. വി.ജെ. ജോൺസൺ 30-10-2020-ൽ ഗ്രാമപഞ്ചായത്തുമായി നിർമ്മാണ കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും പണി ആരംഭിച്ചത് 05-03-2022 ലാണ്. പണി പൂർത്തിയാക്കിയിട്ടുള്ളത് 23-03-2022 ലും. കരാർ വെച്ച് പണി പൂർത്തിയാക്കുവാൻ 17 മാസക്കാലയളവാണ് കരാറുകാരൻ എടുത്തിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്. 0146/22 |
| പദ്ധതി അടങ്കൽ | 10,00,000 |
| ചെലവ് | 2021-22 9,00,000<br>2022-23 56,997 |
| എഗ്രിമെന്റ് നം./തീയതി | 38/AE/LSGD/KTND/2020-21<br>തീയതി: 30-10-2020 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്+<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

കരാർ പ്രകാരം നിർവ്വഹണ കാലാവധി 6 മാസമായിരുന്നു. 1.2.2012 തിയ്യതിയിലെ ജി.ഒ (പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസി.എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം കരാറുകാരൻ അപേക്ഷ നൽകിയതായോ പഞ്ചായത്ത് കമ്മറ്റി അപേക്ഷ പരിഗണിച്ച് കരാർ കാലാവധി നീട്ടി നൽകിയതായോ രേഖകളില്ല. കരാർ കാലാവധി നീട്ടിനൽകുമ്പോൾ ചമയ്ക്കേണ്ട സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതായും രേഖകളില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21-22 തീയതി: 08-03-2023) ലഭ്യമാക്കിയ മറുപടിയിൽ, കോവിഡ് മൂലമുള്ള ലോക്ക്ഡൗൺ കാരണമാണ് പ്രവൃത്തി തുടങ്ങാൻ താമസം നേരിട്ടതെന്നും പ്രവൃത്തി തുടങ്ങുന്ന സമയത്ത് സൈറ്റിലേക്ക് കയറുന്നതിന് വഴിയില്ലായിരുന്നുവെന്നും കാലവർഷം കഴിഞ്ഞുമാത്രമേ പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സൈറ്റിൽ ഇറക്കാൻ സാധിക്കുമായിരുന്നുവെന്നും വിശദീകരിച്ചിരിക്കുന്നു. നിർവ്വഹണ കാലയളവിനുള്ളിൽ പദ്ധതി പൂർത്തിയാക്കാതെ വന്നാൽ മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നിർവ്വഹണ കാലയളവ് നീട്ടിനൽകാൻ പാടുള്ളൂ എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-26 ടേക്ക് -എ- ബ്രേക്ക് - പൊതുശൗചാലയം പ്രയോജനപ്രദമാക്കുന്നില്ല

കൊറ്റനാട് ഗ്രാമപഞ്ചായത്ത് മാത്തുംചാൽ പി.എച്ച്.സി. കോമ്പൗണ്ടിൽ 2020-21 സാമ്പത്തിക വർഷം 3,59,668 രൂപ ചെലവഴിച്ച് നിർമ്മിച്ച 'ടേക്ക് -എ- ബ്രേക്ക് ' (വഴിയിടം), നിർമ്മാണം പൂർത്തിയായി ഒരു വർഷമായിട്ടും പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക | ബിൽ/തീയതി |
|---|---|---|
| ശുചിത്വമിഷൻ ഫണ്ട് | 2,10,000 | ചെക്ക് നം. 288236/ 26-03-2021 |
| വികസനഫണ്ട് | 1,49,668 | 2005085201770134O452/ 24-03-2021 |

| | | |
|---|---|---|
| ആകെ | 3,59,668 | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27-07-2020-ലെ സ.ഉ.(സാധാ) നം. 1401/2020/തസ്വഭവ. പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ടേക്ക്-എ- ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതുടോയ്ലറ്റുകളും പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരം ഓരോ പഞ്ചായത്ത് പ്രദേശത്തും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ നിർമ്മിക്കുക (സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ/പൊതു ഇടങ്ങൾക്ക് സമീപം, ബസ്സ്റ്റാന്റ്, ബസ്സ്റ്റോപ്പ് എന്നിവിടങ്ങൾ) എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. കൂടാതെ നിലവിലുള്ള പൊതുശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർനിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതും പരിഗണനാർഹമായ വിഷയമായിരുന്നു. ആയത് പ്രകാരം നിർമ്മിച്ചതായിരുന്ന 157 ച.അടിയിലുള്ള മേൽ സൂചിപ്പിച്ച ടേക്ക്-എ- ബ്രേക്ക് കെട്ടിടം

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ഒരു വർഷം കഴിഞ്ഞിട്ടും പ്രസ്തുത ശുചിമുറി പൊതുജനങ്ങൾക്കായി ഉറന്നുകൊടുത്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ആശുപത്രി അധികൃതരും ഇക്കാര്യം സ്ഥിരീകരിച്ചിരുന്നു. പദ്ധതി പ്രയോജനപ്പെടുത്താത്തിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.15/21-22 തീയതി: 08-03-2023) ലഭ്യമാക്കിയ മറുപടിയിൽ, വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാലാണ് ശൗചാലയം പൊതുജനങ്ങൾക്കായി ഉറന്നുകൊടുക്കാഞ്ഞതെന്നും വൈദ്യുതി കണക്ഷൻ പൂർത്തിയാക്കി കെട്ടിടം അടിയന്തിരമായി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.



## 1-27 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 34,500/- രൂപ അവശേഷിക്കുന്നുണ്ട് (10-03-2023). 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത 29,500/- രൂപയും 17/05/2022 ലെ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത 5,000/- രൂപയും ചേർന്നതാണ് ഈ തുക. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. പ്രസ്തുത ഹെഡിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി

സ.ഉ.(കൈ)നം.11/2018/തസ്വഭവ. തിയ്യതി 29.01.2018 നമ്പർ പതിമൂന്നാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾ വികസന ഫണ്ട് (ജനറൽ) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | S0051/22- മുട്ടക്കോഴി വിതരണം -പട്ടികജാതി | വെറ്ററിനറി സർജൻ | 103800 | 103800 |
| 2 | S0033/22- വനിതകൾക്ക് പെണ്ണാട് വിതരണം | ” | 20800 | 88000 |

| | | | | |
|---|---|---|---|---|
| 3 | S0065/22-വിവാഹ ധനസഹായം (പട്ടിക ജാതി) | അസി. സെക്രട്ടറി | 375000 | 225000 |
| 4 | S0106/22-പട്ടിക ജാതി വനിതകൾക്ക് കുടിവെള്ള ടാങ്ക് | ” | 65550 | 60555 |

മേൽ ഉത്തരവ്വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(10) (iii) അനുസരിച്ച് വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്.

പദ്ധതി മാർഗ്ഗരേഖയ്ക്കു അനുസൃതമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 അനുപൂരക പോഷകാഹാര വിതരണം - വിതരണവിവരം കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല

2021-22 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം (പ്രോക്ട് നം. എസ്.0029/22) പദ്ധതിയുമായി ബന്ധപ്പെട്ട ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം) | കേന്ദ്രാവിഷ്കൃത ഫണ്ട് | ജില്ലാപ്പഞ്ചായത്ത് വിഹിതം |
|---|---|---|---|
| ബിൽ/ചെക്ക് നം./ തീയതി- തുക | 413638<br>200262737/06.08.2021-19283<br>200497520/22.10.2021-345571<br>200939521/19.01.2022-48784 | 649363<br>358364/23.07.2021 - 377231<br>358369/18.01.2022 - 22769<br>358372/14.03.2022-249363 | 100000<br>201045526/15.02.2022-100000 |

പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) സ്റ്റോക്ക് രജിസ്റ്ററിൽ 2021-22 വർഷം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ചില ബില്ലുകളോടൊപ്പം വിതരണം സംബന്ധിച്ച് പേപ്പറിൽ അങ്കണവാടി ജീവനക്കാരുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട്.

II) വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ലാത്ത വിവിധ ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ബിൽ നം/തീയതി -തുക | ബിൽ പ്രകാരമുള്ള സാധനങ്ങളുടെ വിവരം |
|---|---|---|
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 292/09.06.2021<br>₹ 54432 | THRS -756 കി. ഗ്രാം |
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 266/09.06.2021<br>₹ 29800 | അംഗന ന്യൂട്രിമിക്സ്-465.625 കി.ഗ്രാം |

| | | |
|---|---|---|
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 301/03.07.2021 ₹ 54432 | THRS -756 കി. ഗ്രാം |
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 248/03.07.2021 ₹ 30800 | അംഗന ന്യൂട്രിമിക്സ്-481.250 കി.ഗ്രാം |
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 338/23.10.2021 ₹ 52668 | THRS-731.500 കി.ഗ്രാം |
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 297/23.10.2021 ₹ 31200 | അംഗന ന്യൂട്രിമിക്സ്- 487.500 കി.ഗ്രാം |
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 403/07.02.2022 ₹ 31600 | അംഗന ന്യൂട്രിമിക്സ്- 493.750 കി.ഗ്രാം |
| അനുഗ്രഹ &തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് | 512/07.02.2022 ₹ 50652 | THRS – 703.500 കി. ഗ്രാം |
| സപ്ലൈകോ മാവേലി സ്റ്റോർ, ചാലാപ്പള്ളി | 211790/14.1.2021 ₹ 99492 | വെളിച്ചെണ്ണ- 74 കി ഗ്രാം<br>നുറുക്ക് ഗോതമ്പ്- 366 കി ഗ്രാം<br>ശർക്കര- 193 കി ഗ്രാം<br>റവ- 379 കി ഗ്രാം<br>അവൽ- 106 കി ഗ്രാം<br>നിലക്കടല- 72 കി ഗ്രാം |
| സപ്ലൈകോ മാവേലി സ്റ്റോർ, ചാലാപ്പള്ളി | 211830/31.12.2021 ₹ 18146 | ചെറുപയർ- 211കി ഗ്രാം |
| സപ്ലൈകോ മാവേലി സ്റ്റോർ, ചാലാപ്പള്ളി | 211789/14.12.2021 | അരി - 700 കി ഗ്രാം |
| ആകെ | ₹ 453222 | |

Iii) 21050852018200497520/22.10.2021 ബിൽ പ്രകാരം അനുഗ്രഹ & തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് കീഴ്‌വായ്പൂർ എന്ന സ്ഥാപനത്തിന് 83772 രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും 83772 രൂപയുടെ കൈപ്പറ്റ് രസീതും(നം.260/22.10.2021) ഫയലിൽ ഉണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ സാധനങ്ങളുടെ ബിൽ, വിതരണവിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

Iv) ട്രാൻസ്പോർട്ടേഷൻ ചെലവിനത്തിൽ ജയചന്ദ്രൻ എ.എസ്. എന്ന വ്യക്തിയ്ക്ക് വിവിധ ബില്ലുകളിൽ നിന്നായി 64721 (19283+25182+20256) രൂപ നൽകിയിട്ടുണ്ട്. ഈ വ്യക്തിയെ തെരഞ്ഞെടുത്തതിന്റെ രേഖകൾ, കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/08.03.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. വിതരണരേഖകൾ ലഭ്യമാക്കാത്ത 453222 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്

## 1-30 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 3.12 (ബി) യിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾക്ക് പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് എന്നിവയിൽ ഉള്ള പ്രാധാന്യം പ്രസ്തുത നിർദ്ദേശങ്ങളിൽ നിന്ന് വ്യക്തമാണ്. വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെന്ന് ഈ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

അനുച്ഛേദം 13.1 ൽ മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേർന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | യോഗം ചേർന്ന തീയതി | റിമാർക്സ് |
|---|---|---|
| പൊതുഭരണവും ധനകാര്യവും | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| കൃഷി അനുബന്ധ മേഖലകൾ | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| മൃഗസംരക്ഷണം, ക്ഷീരവികസനം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| പ്രാദേശിക സാമ്പത്തിക വികസനം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| ദാരിദ്ര്യലഘൂകരണം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| സാമൂഹ്യനീതി | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| വനിതാവികസനം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| ആരോഗ്യം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |

| | | |
|---|---|---|
| കുടിവെള്ളം, ശുചിത്വം | 12.01.2022 | മിനിട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| വിദ്യാഭ്യാസം, സംസ്കാരം, കല, കായികം,വിനോദം, യുവജനക്ഷേമം | 2021-22 ൽ യോഗം ചേർന്നിട്ടില്ല | |
| പൊതുമരാമത്ത് | 12.01.2022 | രേഖപ്പെടുത്തലുകൾ പൂർത്തിയാക്കുകയോ മിനിട്സ് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല |

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ട ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ ഒരിക്കൽ പോലും യോഗം ചേരുകയോ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശം അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സജീവമാക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/08.03.2022) ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപ്പഞ്ചായത്തിൽ 19 അങ്കണവാടികൾ ആണുള്ളത്. ഇവയിൽ 12 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട്. 6 എണ്ണം വാടകക്കെട്ടിടങ്ങളിലും ഒരെണ്ണം സ്കൂളിനോട് ചേർന്ന് വാടകരഹിതമായും പ്രവർത്തിയ്ക്കുന്നു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 3 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കാൻ സാദ്ധ്യതയുള്ളതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനും മറ്റുള്ളവയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റമതിൽ ഇല്ലാത്ത 5 അങ്കണവാടികൾക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് സൗകര്യമുണ്ടെങ്കിലും 9 എണ്ണത്തിനാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ളത്. നിലവിൽ സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ഈ സൗകര്യം ഉണ്ടാക്കേണ്ടതും പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് തുക അനുവദിയ്ക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-32 അഗതിരഹിത കേരളം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ചതാണ് 'അഗതി രഹിത കേരളം' എന്ന പദ്ധതി. മൂന്ന് ഘട്ടങ്ങളിലായി നടത്തുവാൻ വിഭാവനം ചെയ്ത പദ്ധതി രണ്ടാം ഘട്ടം പിന്നിട്ടിട്ടും പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിലേയ്ക്ക് എത്തിയിട്ടില്ല.

പദ്ധതിയുടെ 2021-22 വർഷത്തിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഏജൻസി | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 01.04.2021 പ്രകാരം മുന്നിരിപ്പ് ₹ 18,66,629.42 | | | | |
| വികസന ഫണ്ട് | 300000 | 300000 | 300000 | |
| ഗ്രാമപഞ്ചായത്ത് | | | | |
| ബ്ലോക്ക് വിഹിതം | 100000 | 100000 | 100000 | |

| | | | | |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | | | | |
| ചലഞ്ച് ഫണ്ട്+ വികസന ഫണ്ട് (മുൻവർഷ നീക്കിയിരിപ്പ്) | | | 1379494 | |
| പലിശ | 54384 | | | |
| 31.03.2022 പ്രകാരം നീക്കിയിരിപ്പ് ₹ 8,96,669 | | | | |

അഗതി രഹിത കേരളം - 1, 2 ഘട്ട പ്രവർത്തന അവലോകനം

കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയ്ക്ക് 10.03.2019-തീയതിയിലെ ഉത്തരവ് നം. KS/L/13100/2018-ാം പ്രകാരം 9,77,467 രൂപയും 21.10.2020തീയതിയിലെ ഉത്തരവ് നം. 13100/AL/2018/KSHO(1)-ാം പ്രകാരം 13,32,067 രൂപയും അനുവദിച്ചിട്ടുണ്ട്. നാളിതുവരെ പഞ്ചായത്തിന് 23,09,534 രൂപ ചലഞ്ച്ഫണ്ടിനത്തിലും 10,00,000 രൂപ പ്ലാൻ ഫണ്ടിനത്തിലുമായി ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കൾ | ചെലവഴിച്ച തുക |
|---|---|---|---|---|
| ഭക്ഷണം | 262 | 369000 | 262 | 2875058 |
| ചികിത്സ | 48 | 354600 | | |
| വിദ്യാഭ്യാസം | 31 | 139500 | | |
| വീട് | 34 | 13600000 | 5 | 1240000 |
| ഭവനപുനരുദ്ധാരണം | 57 | 8550000 | 9 | 400000 |
| കുടിവെള്ളം | 73 | 730000 | | |
| തൊഴിൽ പരിശീലനം | | 15000 | | |
| കൗൺസിലിംഗ് | | 15000 | | |
| മെഡിക്കൽ ക്യാമ്പ് | | 30000 | | |
| റിസർവ് ഫണ്ട് | | 25000 | | |
| മറ്റ് ചെലവുകൾ | | 30000 | | |
| ആകെ | | 27179100 | | 4515058 |

വിഭാവനം ചെയ്തിട്ടുള്ള അതിജീവന ആവശ്യങ്ങളായ ആരോഗ്യം, വസ്ത്രം, വിദ്യാഭ്യാസം, കുടിവെള്ളം എന്നിവയ്ക്കായി പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. ചികിത്സാ സഹായം ആവശ്യമുള്ള 48 ഗുണഭോക്താക്കൾക്കായി 354600 രൂപ പദ്ധതിയിൽ വകയിരുത്തിയിരുന്നുവെങ്കിലും ഈ ഇനത്തിൽ പദ്ധതിയിൽ ചെലവ് ഒന്നും തന്നെ നടന്നിട്ടില്ല. രോഗികളായ അഗതികൾക്ക് ഹെൽത്ത് കാർഡ് ഇഷ്യൂ ചെയ്തിട്ടുമില്ല. ഇതിന് കാരണം അന്വേഷിച്ചപ്പോൾ രോഗികളായ അഗതികൾക്ക് സേവനം നൽകുന്നതിന് അലോപ്പതി/ആയുർവ്വേദം/ഹോമിയോ എന്നീ വിഭാഗത്തിലെ ഒരു മെഡിക്കൽ ഓഫീസറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇവർ ഈ ചുമതല ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വിമുഖത പ്രകടിപ്പിച്ചതായിട്ടാണ് അറിയുവാൻ കഴിഞ്ഞത്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമമവുമായ നടത്തിപ്പിനായി വിലയിരുത്തൽ സമിതിയും നിരന്തര വിലയിരുത്തലിനായി ഉപസമിതിയും രൂപീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നില്ല. അയൽക്കൂട്ട തലത്തിൽ മോണിട്ടറിംഗ് സമിതിയും രൂപീകരിച്ചിട്ടില്ല.

നിലവിൽ പദ്ധതിയിൽ 150 അഗതി കുടുംബങ്ങളാണുള്ളത്. പദ്ധതിയുടെ തുടക്കത്തിൽ 34 ഭവനരഹിതരായ വ്യക്തികൾ ഉൾപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ഭവനരഹിതർ ആരും തന്നെയില്ല. ഇവർക്കെല്ലാം ആനുകൂല്യം ലൈഫ് ഭവനപദ്ധയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. പദ്ധതിച്ചെലവിൽ സിംഹഭാഗവും ഭക്ഷണത്തിനു വേണ്ടിയുള്ള ഫുഡ് കിറ്റ് വിതരണത്തിന് മാത്രമാണ് ഉപയോഗിക്കുന്നത്.

കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ, പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന അഗതി കുടുംബങ്ങളുടെ

സംരക്ഷണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ച് ഊർജ്ജിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-33 പൊതു മരാമത്ത് പ്രവൃത്തികൾ: മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. കൊറ്റനാട് ഗ്രാമ പഞ്ചായത്ത് 2021-22-ൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചുള്ള പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് മാത്രമാണ് ഒരു തവണ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്. 12-01-2022 ലാണ് ഈ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്. ആ മീറ്റിംഗിൽ 2021-22 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല.

പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ ഗ്രാമപഞ്ചായത്ത് നടപ്പിൽവരുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകൾ സജീവമാക്കി മോണിറ്ററിംഗ് ഫലപ്രദമാക്കേണ്ടതുമാണ്.

## 1-34 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ടെണ്ടർ ഫോമുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കരാറുകാർക്ക് വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/21-22 തീയതി: 6.03.2023) മറുപടിയായി, സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും കൃത്യമല്ലെങ്കിൽ ടെണ്ടർ നടപടികളിൽ ഗുരുതരമായ ക്രമക്കേടുകൾക്ക് അത് അവസരമുണ്ടാക്കും. അപാകം പരിഹരിക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 പഞ്ചായത്ത് വക ലൈബ്രറിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപമുള്ള ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലൈബ്രറിയിൽ 4934 പുസ്തകങ്ങളാണുള്ളത്. എന്നാൽ നിലവിൽ നാമമാത്ര പുസ്തകങ്ങൾ മാത്രമാണുള്ളതെന്നും ഇവയിലധികവും ഉപയോഗയോഗ്യമല്ലാത്ത നിലയിലാണെന്നും ,പുസ്തകങ്ങൾ, പത്രങ്ങൾ, മാഗസിനുകൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇല്ലെന്നും ഭൗതിക പരിശോധനയിൽ വ്യക്തമായി. തൻ വർഷം ലൈബ്രേറിയൻ അലവൻസ്, പത്രം, കറണ്ട് ചാർജ്ജ് എന്നീ ഇനങ്ങളിലായി 1,43,239 രൂപ ചെലവുണ്ട്. എന്നാൽ 185 രൂപ മാത്രമാണ് ലൈബ്രറിയിൽ നിന്നും വരവായി ലഭിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും, ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കിയും ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമാകുന്ന രീതിയിൽ ലൈബ്രറി പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 46600 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.0095/22) | 46600 | -- |
| ,, | 100000 | ആശ്രയ പദ്ധതി (എസ്. 0042/22) | 100000 | -- |
| ,, | 235000 | പാലിന് സബ്സിഡി (എസ്. 0083/22) | 235000 | -- |
| ,, | 700000 | ശ്മശാനം ചുറ്റുമതിൽ നിർമാണം (എസ്. 0023/22) | 700000 | -- |
| ,, | 1133360 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (എസ്.0074/22) | 1133360 | -- |
| ,, | 60000 | സുഭിക്ഷ കേരളം (തരിശുഭൂമിയിൽ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി) (എസ്. 0023/22) | 60000 | -- |
| ,, | 40000 | സുഭിക്ഷ കേരളം (തരിശുഭൂമിയിലെ വാഴകൃഷി) (എസ്.0024/22) | 40000 | -- |
| ജില്ലാപഞ്ചായത്ത് | 72228 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.095/22) | 72228 | -- |
| ,, | 100000 | അനുപൂരക പോഷകാഹാരവിതരണം (എസ്.0029/22) | 100000 | -- |
| ,, | 619910 | പാലിന് സബ്സിഡി (എസ്.0083/22) | 619910 | -- |
| ,, | 1480000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (എസ്.0074/22) | 1480000 | -- |

| | | | | |
|---|---|---|---|---|
| ,, | 200000 | പെയ്ൻ ആൻറ് പാലിയേറ്റീവ് കെയർ പദ്ധതി (സാന്ത്വനം) (എസ്.0013/22) | 200000 | -- |
| ,, | 49847 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തല് (എസ്.0138/22) | 49847 | -- |
| ,, | 80987 | ബയോഫ്ലോക്ക് മത്സ്യ കൃഷി (എസ്.0171/22) | 80987 | -- |
| ,, | 48434 | വീട്ടുവളപ്പിലെ പടുതാകുളത്തിലെ മത്സ്യ കൃഷി (എസ്.0172/22) | 48434 | -- |
| ,, | 1100000 | കാവുംപടി ചരിവുകാല എസ്.സി. കോളനി കുടിവെള്ള പദ്ധതി (എസ്.0206/22) | -- | 1100000 |
| | -- | ലൈഫ് ഭവനപദ്ധതിക്ക് -ജനറൽ(പ്രോജക്ട് നം. എസ്.0157/22) | 121525 | 2020-21 വർഷത്തെ തുക വിനിയോഗിച്ചത് |
| | -- | ലൈഫ് ഭവനപദ്ധതിക്ക് -എസ്.സി.പി. (പ്രോജക്ട് നം. എസ്.0074/22) | 7282 | ,, |
| ആകെ | 6066366 | | 5095173 | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | 10-ാം വാർഡിൽ കുഴൽ കിണർ നിർമ്മാണം (S0177/22) | ഭൂജല വകുപ്പ് | 67,194 | 51,405 |
| 2 | 13-ാം വാർഡിൽ മിനി കുടിവെള്ള പദ്ധതി (S0178/22) | ,, | 1,28,722 | 74,356 |
| 3 | മിനി കുടിവെള്ള പദ്ധതി - വാർഡ്-12 (S0176/22) | ,, | 3,07,840 | -- |
| 4 | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (S0187/22) | ,, | 11,02,320 | 9,26,549 |
| | ആകെ | | 16,06,076 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ആകെ വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 4852203 | 34,44,966 | 3,20,000 | 37,64,966 | 6,30,667 | -- | 31,34,299 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | പരാമർശം നിലനിൽക്കുന്നു. |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | 2-1 | 2017-18 | 5 | PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യക്കെട്ടിടത്തിന് പെർമിറ്റും കെട്ടിടനമ്പരും അനുവദിച്ചു | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 5,76,64,094 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,87,89,817 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 453222 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-29 | 453222 | ശ്രീമതി പ്രസന്ന പി.എം., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രസന്ന പി.എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി ഡി പി ഒ, പെരുമ്പടപ്പ് ബ്ലോക്ക്, മലപ്പുറം | ഉന്നത്താനിൽ തൈപ്പറമ്പിൽ, വാളക്കുഴി പി ഒ, പിൻ.689544 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5-223/2002 3.3.2003/5.6.2003 | 2 (29,30) |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | 2 (3-2,3-3) |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | 2 (3-5,3-8) |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016 22-06-2016 | 5 (2-2,2-4,3-15,3-16,3-17) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | 3 (2-3, 2-4, 3-7) |
| 206-17 | കെ.എസ്.എ.പി.റ്റി.എ പി 7/1181/17 , 04.11-2017 | 5 (2-1, 2-2, 2-4, 2-5, 3-5) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി 7/1629/18 14.1.2019 | 6 (3-1, 3-3, 3-5, 3-6, 3-8, 3-11) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി 7/202/2020 27.04.2020 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി 7-824/2021 തീ. 23.12.2021 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ. പി. ടി.എ.പി 7 - 825/2021 തീ:10-01-2022 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്